I/229752/2024

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.എച്ച്5/4326(2)/2023/ മെ.വി.വ.** **തീയതി: 05-04-2024**

**കുറ്റപത്രം**

**ആലപ്പുഴ മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ് 2 ആയിരുന്ന ശ്രീമതി അനില വി എസ് -നെതിരായുള്ള ചാർജ്ജ്**

ആലപ്പുഴ മെഡിക്കൽ കോളേജിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ 26/07/2023 ന ജോലിയിൽ പ്രവേശിച്ച അനില വി എസ് എന്ന താങ്കൾ വിദേശത്ത് ജോലിക്കായി Appendix XII A പ്രകാരം അവധി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ താങ്കൾക്ക് അവധി അനുവദിക്കുന്നതിന മുൻപ് 09/08/2023 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകുന്നില്ല എന്ന് ആലപ്പുഴ മെഡിക്കൽകോളേജ് പ്രിൻസിപൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിൻമേലും അപ്രകാരം കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനും താങ്കൾക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നിർബന്ധിതമായിരിക്കുന്നു.

താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് അല്ലെങ്കിൽ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960, പ്രകാരമുള്ള ശിക്ഷണ നടപടി എടുക്കാതിരിക്കാൻ കാരണം എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ ആരോപണ പത്രിക കൈപ്പറ്റുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ പ്രതിവാദ പത്രിക ആലപ്പുഴ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ മുഖേന രേഖാമൂലം സമർപ്പിക്കാൻ സമയം അനുവദിച്ചിരിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പ്രതിവാദ പത്രിക ലഭ്യമായില്ലെങ്കിൽ യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള നിഗമനത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നോ എന്ന് കൂടി അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത രേഖകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ താങ്കളുടെ പ്രതിവാദ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുൻപുള്ള ഏതെങ്കിലും ദിവസം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I ന്റെ സാന്നിധ്യത്തിൽ ഉദ്ധാരണങ്ങൾ എഴുതികൊടുക്കാവുന്നതാണ്.

മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണപത്രി ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Anita Balan
Date: 05-04-2024 15:45:32

ANITA BALAN
JOINT DIRECTOR (GENERAL)

I/229752/2024

സ്വീകർത്താവ്

Smt. Anila V S
V S Bhavan,
Anachal
Kalamachal P O
Vamanapuram - 695606.

I/229753/2024

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ.എച്ച്5 /4602(3)/2023/ മെ.വി.വ. തീയതി:05-04-2024

കുറ്റാരോപണ പത്രിക

ആലപ്പുഴ മെഡിക്കൽ കോളേജിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ 26/07/2023 ന ജോലിയിൽ പ്രവേശിച്ച അനില വി എസ് എന്ന താങ്കൾ വിദേശത്ത് ജോലിക്കായി Appendix XII A പ്രകാരം അവധി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ താങ്കൾ അവധി അനുവദിക്കുന്നതിനു മുൻപ് 09/08/2023 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകുന്നില്ല എന്ന് ആലപ്പുഴ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിൻമേലും അപ്രകാരം കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിനും താങ്കൾക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നിർബന്ധിതമായിരിക്കുന്നു.

ഈ കാര്യാലയത്തിൽ നിന്നും അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കുവാൻ താങ്കൾക്ക് 2 പ്രാവശ്യം നോട്ടീസ് നല്കിയിട്ടും നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല. മാത്രമല്ല ഇത് സംബന്ധിച്ച് താങ്കളുടെ ഭാഗത്ത് നിന്നും യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. താങ്കളുടെ നിരുത്തരവാദപരമായ പ്രവൃത്തി കാരണം മറ്റൊരാളുടെ ജോലിക്കുള്ള അവസരമാണ് നഷ്ടമായിരിക്കുന്നത്. ആശുപത്രിയുടെ പ്രവർത്തനത്തിനുള്ള അവശ്യ സർവീസിൽ ഉൾപ്പെട്ട ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ മേല്പറഞ്ഞ രീതിയിൽ കാണിച്ചിരിക്കുന്നത് ഗുരുതര കൃത്യവിലോപനമാണ്

സേവന ക്രമീകരണം ചെയ്യുകയോ നിരീക്ഷണകാലം പൂർത്തിയാകുകയോ ചെയ്യാത്ത താങ്കളുടെ ഭാഗത്ത് നിന്ന് ഉണ്ടായത് ഗൗരവമേറിയ അച്ചടക്ക ലംഘനമായതിനാൽ താങ്കളെ സർവീസിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

Signed by
Anita Balan
Date: 05-04-2024 15:46:03

ANITA BALAN
JOINT DIRECTOR (GENERAL)

മേൽവിവരിച്ച ആരോപണങ്ങൾക്ക് അടിസ്ഥാനമാക്കിയിരിക്കുന്ന രേഖകൾ

1. 05/08/2023 തീയതിയിലെ ഇ4/11143/2021/ജി ടി ഡി എം സി എ നമ്പർ പ്രകാരം ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ മുഖേന ലഭ്യമായ താങ്കളുടെ അവധി അപേക്ഷ
2. ആലപ്പുഴ മെഡിക്കൽ കോളേജ്, പ്രിൻസിപ്പലിന്റെ കത്ത് നം.E4-111431/2021/GTDMCA തിയതി 26/09/2023
3. 14/11/2023,20 /02/2024 എന്നീ തീയതികളിലെ താങ്കൾക്ക് നൽകിയ നോട്ടീസ്